## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3321** **26-06-2024 - ൽ മറുപടിയ്ക്ക്**

## ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024 ലെ ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; | (എ) | കുറവ് വന്നിട്ടുണ്ട്. |
| (ബി) | എങ്കിൽ വിജയ ശതമാനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്.<br><br>ഓരോ വർഷവും ഹയർ സെക്കണ്ടറി പരീക്ഷ എഴുതുന്നത് റഗുലർ സ്കോൾ കേരള എന്നീ വിഭാഗത്തിൽ നിന്നുള്ള കുട്ടികളാണ്. മുൻവർഷങ്ങളിൽ കൊറോണ വ്യാപനം നിലനിന്നിരുന്നതിനാൽ സംസ്ഥാനത്തെ സ്കൂളുകളിൽ കൃത്യമായി ക്ലാസ്സുകൾ നടക്കുന്ന സാഹചര്യം ഉണ്ടായിരുന്നില്ല. അതിനാൽ കുട്ടികൾക്ക് കൃത്യതയോടെ പഠനം നടത്താനാകാത്ത സാഹചര്യം നിലവിലുണ്ടായി രുന്നു. കൊറോണ കാലഘട്ടത്തിൽ പരീക്ഷക്കായി പങ്കെടുത്ത കുട്ടികൾക്ക് തയ്യാറാക്കി നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ധാരാളം ഇളവുകൾ നൽകിയിട്ടുള്ളതും, ലളിതമായിട്ടുള്ളതുമായിരുന്നു. ടി കാലഘട്ടത്തിൽ മൂല്യനിർണ്ണയവും ലളിതമായിരുന്നു. വിദ്യാർത്ഥികളുടെ പഠനനിലവാരം ആ കാലഘട്ടത്തിൽ കുറഞ്ഞതായി മനസ്സിലാക്കുന്നു. കൊറോണക്ക് ശേഷം സ്കൂളുകൾ സാധാരണ നിലവാരത്തിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുള്ളതും, കുട്ടികളുടെ പഠനരീതി ഓൺലൈനിൽ നിന്നും മാറി നേരിട്ടുള്ള പഴയരീതിയിലേക്ക് ആയിട്ടുള്ളതുമാണ്. ഇതു കൂടാതെ സിലബസ്സിനനുസരിച്ച് പഠനപ്രവർത്തനങ്ങൾ യഥാസമയം പൂർത്തികരിച്ചിട്ടുള്ളതും, അതിനാൽ ചോദ്യനിലവാരം കൊറോണകാലഘട്ടത്തിലേതിൽ നിന്നും മാറ്റി കൂടുതൽ കാര്യക്ഷമവും, കുറ്റമറ്റതും നിലവാരം പുലർത്തുന്നതും ആക്കിയിട്ടുള്ളതും, മൂല്യനിർണ്ണയം കാര്യക്ഷമമായി ചെയ്തിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| | | | ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ നിലവാരം വ്യത്യാസവുമാകാം. അതാണ് വിജയശതമാനത്തിൽ മാറ്റമുണ്ടാകുന്നതിനു കാരണമായതെന്നു കരുതുന്നു. |
| (സി) | കഴിഞ്ഞ വർഷങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയത് കാരണം ഒരു ക്ലാസ്സിൽ 60 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സാഹചര്യം ഹയർ സെക്കണ്ടറി വിജയ ശതമാനത്തെ ബാധിച്ചു എന്ന വസ്തുത സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | സീറ്റുകളുടെ എണ്ണം മാത്രമല്ല ആവശ്യമുള്ളിടത്ത് അധിക താൽക്കാലിക ബാച്ചുകളും അനുവദിക്കുന്നതിനാൽ വിജയ ശതമാനത്തെ ബാധിക്കുന്നില്ല . |

സെക്ഷൻ ഓഫീസർ